(സി) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകൾക്ക് കഴിഞ്ഞ നാലു വർഷങ്ങളിൽ പദ്ധതി വിഹിതമായി അനുവദിച്ച എസ്.സി.പി., ടി.എസ്.പി. ഫണ്ടുകളുടെ തുക എത്ര വീതമായിരുന്നു ; ഇതിൽ എത്ര തുക ഓരോ സാമ്പത്തിക വർഷവും ചെലവഴിച്ചു ; ചെലവഴിച്ച ശതമാനം എത്രയായിരുന്നു ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു.*

(ബി) അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു.*

(സി) അനുബന്ധം III ആയി ഉള്ളടക്കം ചെയ്യുന്നു.*

രാജീവ് ഗാന്ധി പഞ്ചായത്ത് സ്വശാക്തീകരൺ പദ്ധതി

206 (4249) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ് ഗാന്ധി പഞ്ചായത്ത് സ്വശാക്തീകരൺ പദ്ധതി (ആർ.ജി.പി.എസ്.എ.) പ്രകാരം സംസ്ഥാനത്ത് എത്ര പഞ്ചായത്തുകൾക്ക് ധനസഹായം ലഭ്യമായിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പദ്ധതി പ്രകാരം ഓരോ പഞ്ചായത്തുകൾക്കും എത്ര തുക ലഭ്യമായിട്ടുണ്ട് ;

(സി) യഥാസമയം അപേക്ഷ സമർപ്പിക്കാത്തതിനാൽ ധനസഹായം ലഭിക്കാത്ത എത്ര പഞ്ചായത്തുകളുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ആർ.ജി.പി.എസ്.എ. പ്രകാരം 2013-14, 2014-15 വർഷങ്ങളിൽ ധനസഹായം ലഭിച്ച പഞ്ചായത്തുകളുടെ എണ്ണം (ജില്ല തിരിച്ച്) അനുബന്ധമായി ചേർക്കുന്നു.*

(ബി) പദ്ധതി പ്രകാരം 2013-14 വർഷത്തിൽ 3 ലക്ഷം രൂപ വീതം 66 ഗ്രാമ പഞ്ചായത്തുകൾക്കും 50,000 രൂപ വീതം 90 ഗ്രാമപഞ്ചായത്തുകൾക്കും നൽകിയിട്ടുണ്ട്.

2014-15 വർഷത്തിൽ 11 ഗ്രാമപഞ്ചായത്തുകൾക്ക് 15 ലക്ഷം രൂപ വീതവും 34 ഗ്രാമപഞ്ചായത്തുകൾക്ക് 3 ലക്ഷം രൂപ വീതവും നൽകുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 10 ലക്ഷം രൂപ വീതം 28 ബ്ലോക്ക് പഞ്ചായത്തുകൾക്കും നൽകിയിട്ടുണ്ട്.

(സി) യഥാസമയം അപേക്ഷ സമർപ്പിക്കാത്തതിനാൽ ധനസഹായം ലഭിക്കാത്ത ഒരു പഞ്ചായത്തുമില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
859/2017.

LIBRARY ARCHIVES Kerala Legislative Assembly